(ബി) എത്ര പേർക്ക് കാഴ്ച നഷ്ടപ്പെടുകയോ അപകടങ്ങളോ ആപത്തുകളോ ഉണ്ടായി എന്ന് പറയുമോ ;

(സി) വിഷമദ്യമോ വ്യാജമദ്യമോ വിതരണം ചെയ്യുകയും അത് കുടിക്കുകയും ചെയ്തതിന്റെ പേരിൽ മരിക്കുകയോ കണ്ണു നഷ്ടപ്പെടുകയോ അവയവങ്ങൾ പ്രവർത്തനക്ഷമമല്ലാതാവുകയോ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ സംസ്ഥാനത്ത് എത്ര കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ;

(ഡി) അവർക്ക് ലഭിച്ച ശിക്ഷ എന്തെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 20

(ബി) 3 പേർക്ക് പൂർണ്ണമായോ ഭാഗീകമായോ കാഴ്ച നഷ്ടപ്പെടുകയും, 75 പേർക്ക് ആപത്ത് സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഒരാളെ ശിക്ഷിച്ചിട്ടുണ്ട്. മറ്റ് കേസുകൾ വിചാരണാവസ്ഥയിലും അന്വേഷണാവസ്ഥയിലും ആണ്.

(ഡി) 4 വർഷത്തെ കഠിനതടവിനും ഒരു ലക്ഷം രൂപ പിഴയൊടുക്കുന്നതിനും കോടതി ശിക്ഷിച്ചിട്ടുണ്ട്.

**ജർമ്മൻ വനിതയെ ദേഹോപദ്രവം ചെയ്ത സംഭവം**

67 (74) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ തൃശ്ശൂർപൂരം കാണുന്നതിനായി മോട്ടോർ സൈക്കിളിൽ സവാരി ചെയ്തിരുന്ന ബ്രിജിത് എന്ന ജർമ്മൻ വനിതയെ ഷൊർണ്ണൂരിനടുത്ത് വച്ച് ദേശീയ പണിമുടക്കിന്റെ അനുഭാവികൾ തടഞ്ഞുനിർത്തി ദേഹോപദ്രവം ചെയ്തിട്ടുണ്ടോ ;

(ബി) അവർക്ക് എന്തെല്ലാം പരിക്ക് പറ്റിയിട്ടുണ്ട് ;

(സി) അവരെ മാനഭംഗപ്പെടുത്താൻ ഒരുമ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ പരാതിയിൻമേൽ എന്ത് നടപടിയെടുത്തിട്ടുണ്ട് ;

(ഇ) വിദേശ വനിതകൾക്ക് സുരക്ഷിതത്വം ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ഇവ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ?

ഉത്തരം

(എ-ഡി) ഹർത്താൽ ദിവസം മോട്ടോർ സൈക്കിളിൽ യാത്രചെയ്തിരുന്ന ബ്രിജിത്തിനെ വാഹനം തടയുന്നതിന് ഇടയിലുണ്ടായ സംഘർഷത്തിൽ പരിക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഷൊർണ്ണൂർ പോലീസ് ക്രൈം 115/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ & എഫ്) ട്രാഫിക് ഡ്യൂട്ടികൾക്കും മറ്റു ഡ്യൂട്ടികൾക്കും പോകുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

**രജിസ്റ്റർ ചെയ്ത കേസുകൾ**

**68 (75)** ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ 2000 മേയ് 31 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) അവയിൽ എത്ര എണ്ണം റഫർ ചെയ്തു ;

(സി) എത്രയെണ്ണം ചാർജ്ജ് ചെയ്തു എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 5,02,406 കേസുകൾ

(ബി) 95,364 കേസുകൾ

(സി) 3,42,275 കേസുകൾ

**ശ്രീനാരായണഗുരുദേവന്റെ പ്രതിമകൾ തകർത്ത സംഭവങ്ങൾ**

**69 (76)** ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ.ഇ. എം. അഗസ്തി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും അവസാനം കൊല്ലം എസ്.എൻ.കോളേജിൽ നടന്ന വിദ്യാർത്ഥി സമരം ഒത്തു തീർപ്പാക്കിയ തീയതിക്ക് ശേഷം ശ്രീനാരായണ ഗുരുദേവന്റെ പ്രതിമകൾ തകർത്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) എവിടെയെല്ലാമാണ് ഈ കാലയളവിൽ ഗുരുദേവന്റെ പ്രതിമകൾ ധ്വംസിക്കപ്പെട്ടത് ;

(സി) ഈ സംഭവങ്ങൾ സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ;

(ഡി) ഈ കേസുകളിൽ എല്ലാംകൂടി എത്ര പ്രതികളുണ്ട് ;

(ഇ) അവരിൽ എത്രപേരെ ഇതുവരെ അറസ്റ്റ് ചെയ്തു ; ബാക്കിയുള്ളവരെ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണമെന്ത് ;

(എഫ്) ഗുരുദേവ പ്രതിമകളുടെ ധ്വംസനത്തെപ്പറ്റി മാത്രം അന്വേഷിക്കുവാൻ പോലീസ് സേനയിലെ വിദഗ്ദ്ധന്മാർ ഉൾക്കൊള്ളുന്ന ഒരു ടാസ്ക് ഫോഴ്സിനെ നിയമിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly